# മുഹമ്മദ് പ്രവാചകനാകുന്നു

## മുഹമ്മദ് ഹുസൈൻ ഹൈക്കൽ

*മുഹമ്മദ് നബിക്ക് ലഭിച്ച ദിവ്യബോധന പ്രക്രിയക്ക് അന്നത്തെ മുസ്‌ലിംകൾ സാക്ഷികളായിട്ടുണ്ട്. ഖുർആൻ കൂടുതൽ കൂടുതൽ ശ്രദ്ധിക്കുന്തോറും അവരുടെ വിശ്വാസവും വർധിച്ചുകൊണ്ടിരുന്നു. അവർക്കിടയിൽ ഒന്നാംതരം ബുദ്ധിമാന്മാരുണ്ടായിരുന്നു. നബിയുമായി ആദ്യകാലത്ത് ദീർഘമായ വിവാദത്തിലേർപ്പെടുകയും പിന്നീട് അദ്ദേഹത്തിൽ വിശ്വസിക്കുകയും ചെയ്ത ജൂതരും ക്രൈസ്തവരുമുണ്ടായിരുന്നു, അക്കൂട്ടത്തിൽ. അവരാരും തന്നെ ദിവ്യബോധനം എന്ന പ്രതിഭാസത്തെ നിഷേധിക്കുകയുണ്ടായില്ല. ഖുറൈശികളിൽ ചിലർ മുഹമ്മദിനെ ഭ്രാന്തനെന്നും ജാലവിദ്യക്കാരനെന്നും ആക്ഷേപിച്ചു. പിന്നീട് അവർതന്നെ സമ്മതിച്ചു, അദ്ദേഹം ഭ്രാന്തനോ ജാലവിദ്യക്കാരനോ അല്ലെന്ന്. ഒടുവിൽ അവരും അദ്ദേഹത്തെ പിന്തുടർന്നു, ദൗത്യത്തിൽ വിശ്വസിച്ചു. ഇതെല്ലാം യാഥാർഥ്യങ്ങളായിരിക്കെ ദിവ്യബോധനത്തിന്റെ സംഭവ്യതയെ നിഷേധിക്കുന്നതും ശാസ്ത്രം സ്ഥിരീകരിക്കുകയോ നിരാകരിക്കുകയോ ചെയ്തിട്ടില്ലാത്ത വസ്തുതകളുടെ അടിസ്ഥാനത്തിൽ പ്രവാചകനെ ഇടിച്ചുതാഴ്ത്തുന്നതും ശാസ്ത്രത്തിനുതന്നെ നിരക്കുന്നതല്ല. കൈവരിച്ചേടത്തോളം നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ ദിവ്യബോധനത്തെ വ്യാഖ്യാനിക്കാൻ ശാസ്ത്രം അശക്തമാണെന്നേ സത്യാന്വേഷണത്തിൽ ആത്മാർഥതയുള്ള ഒരു ശാസ്ത്രകാരന് നന്നെക്കവിഞ്ഞാൽ പറയാനാവൂ. പ്രവാചകന്റെ അനുചരന്മാരും ആദ്യകാല ഇസ്‌ലാമിക ചരിത്രകാരന്മാരും സ്ഥിരീകരിച്ചിട്ടുള്ള ദിവ്യബോധനത്തിന്റെ സംഭവ്യതയെ നിഷേധിക്കാൻ ഒരു നിലയിലും അയാൾ മുതിരുകയില്ല. മുതിർന്നാലോ ശാസ്ത്രത്തിന്റെ ആത്മാവിനെത്തന്നെ നശിപ്പിക്കുന്ന പക്ഷപാതമനോഭാവത്തിന് അയാൾ വിധേയനായിട്ടുണ്ട് എന്നാവും അതിന്നർഥം. ശാസ്ത്രവും പക്ഷപാതിത്വവും ഒത്തുപോവുകയില്ലല്ലോ.*

**ഒരു ദിവസം** ഹിറാഗുഹയിൽ ഉറങ്ങിക്കിടക്കവെ, കൈയിലൊരു ലിഖിതവുമായി ഒരു മലക്ക് അദ്ദേഹത്തെ സമീപിച്ച് ആജ്ഞാപിച്ചു: 'വായിക്കുക' ഭയവിഹ്വലനായി അദ്ദേഹം പറഞ്ഞു: 'എനിക്ക് വായിക്കാൻ കഴിയില്ല.' അപ്പോൾ മലക്ക് തന്നെ പിടിച്ച് ഞെരിച്ചതായും പിന്നീട് പിടിവിട്ടതായും അദ്ദേഹത്തിന് അനുഭവപ്പെട്ടു. തുടർന്ന് പറഞ്ഞു: 'വായിക്കുക!' 'എനിക്ക് വായിക്കാൻ കഴിയില്ല' അദ്ദേഹം വീണ്ടും പറഞ്ഞു. വീണ്ടും മലക്ക് പിടിച്ച് ഞെരുക്കുന്നതായി അനുഭവമുണ്ടായി. പിടിവിട്ടശേഷം പറഞ്ഞു: 'വായിക്കുക!' മൂന്നാമതും തന്നെ പിടിച്ചു ഞെരിക്കുമെന്ന ഭയത്താൽ ചോദിച്ചു: 'ഞാൻ എന്താണ് വായിക്കേണ്ടത്?' അപ്പോൾ മലക്ക് പറഞ്ഞുകൊടുത്തു: "സൃഷ്ടിച്ചവനായ നിന്റെ നാഥന്റെ നാമത്തിൽ നീ വായിക്കുക. അവൻ മനുഷ്യനെ രക്തക്കട്ടയിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു. വായിക്കുക! നിന്റെ നാഥൻ അത്യുദാരനത്രെ! പേനകൊണ്ട് പഠിപ്പിച്ചവൻ! മനുഷ്യനെ അവനറിയാത്തത് പഠിപ്പിച്ചവൻ!" അപ്പോൾ അദ്ദേഹം അത് ഏറ്റുപറഞ്ഞു. മലക്ക് അപ്രത്യക്ഷനായി. ആ വാക്യങ്ങൾ അദ്ദേഹത്തിന്റെ മനസ്സിൽ കൊത്തിവെക്കപ്പെട്ടതുപോലെയായിരുന്നു.

ഉടൻ തന്നെ പരിഭ്രാന്തിയോടെ ഞെട്ടിയുണർന്ന് അദ്ദേഹം സ്വയം ചോദിച്ചു: 'ഞാനെന്താണ് കണ്ടത്? ഞാൻ ഭയപ്പെട്ടുകൊണ്ടിരുന്ന ജിന്നുബാധയുണ്ടായോ?' അദ്ദേഹം ഇടവും വലവും നോക്കി. ഒന്നും, ആരെയും കണ്ടില്ല. പേടിച്ച് വിറച്ച് അൽപനേരം നിന്നനിൽപ്പിൽനിന്നു. കഠിനമായ ഭയം അദ്ദേഹത്തെ പിടികൂടിയിരുന്നു. ഈ ഗുഹയിൽനിന്നാൽ തനിക്ക് എന്തൊക്കെയോ സംഭവിക്കുമെന്ന് തോന്നി. ഉടനെ അതിൽനിന്നോടി. കണ്ടത് വിശദീകരിക്കാൻ കഴിയാത്തവിധം അദ്ദേഹം പരിഭ്രാന്തനായിരുന്നു. തന്നെ വായിക്കാൻ നിർബന്ധിച്ചതാരാണെന്ന് സ്വയം ചോദിച്ചുകൊണ്ട് പർവതത്തിന്റെ താഴ്‌വരയിൽ അദ്ദേഹം അലക്ഷ്യമായി നടന്നു. ഇതുവരെയായി ധ്യാനത്തിന്റെ നിമിഷങ്ങളിൽ യഥാർമായ സ്വപ്നദർശനങ്ങളുമുണ്ടായിട്ടുണ്ട്. അവ ഹൃദയത്തിൽ നിറഞ്ഞുനിൽക്കുകയും അതിനെ ദീപ്തമാക്കുകയും ചെയ്യാറുണ്ട്. യാഥാർഥ്യം എവിടെയാണെന്ന് അത് അറിവ് നൽകാറുണ്ട്. അറബികളെ വിഗ്രഹാരാധനയിലാഴ്ത്തിയ അന്ധകാരത്തെ അനാവൃതമാക്കാൻ ആ സ്വപ്നങ്ങൾ സഹായിച്ചിട്ടുണ്ട്. തനിക്ക് വെളിച്ചം നൽകിയ ആ കൈത്തിരി, തനിക്ക് വഴികാണിച്ച ആ സത്യം ഏകനായ ദൈവമായിരുന്നു. പക്ഷേ, അവനെക്കുറിച്ച് ഓർമപ്പെടുത്താനെത്തിയതാരാണ്? മനുഷ്യനെ സൃഷ്ടിച്ചതവനാണെന്നും അറിവില്ലാത്തത് പേനകൊണ്ട് പഠിപ്പിച്ച അത്യുദാരനാണവനെന്നും ഓർമപ്പെടുത്തിയ ആഗതൻ?

ഈ പരിഭ്രാന്തിയോടും വിഹ്വലതയോടും ആത്മഗതത്തോടും കൂടി താഴ്‌വരയിലെ വഴിമധ്യേ അദ്ദേഹം നിന്നു. അപ്പോൾ ആരോ തന്നെ വിളിക്കുന്നതായി

തോന്നി. വർധമാനമായ അമ്പരപ്പോടെ ആകാശത്തിലേക്ക് ദൃഷ്ടിയുയർത്തിയപ്പോഴതാ, ആ മലക്ക് മനുഷ്യ രൂപത്തിൽ പ്രത്യക്ഷപ്പെട്ട് തന്നെ വിളിക്കുന്നു! ഭയത്തിന്റെ കാഠിന്യം മൂലം നിന്നേടത്തു നിന്നനങ്ങാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അദ്ദേഹം മുഖം തിരിച്ചുകളഞ്ഞു. അപ്പോഴതാ ചക്രവാളങ്ങളിലെല്ലാം അതേ രൂപം! അദ്ദേഹം മുന്നോട്ട് നടന്നു. പിന്നോട്ടു നടന്നു. പക്ഷേ, ആ മലക്കിന്റെ മനോഹര രൂപം തന്റെ ദൃഷ്ടിയിൽനിന്ന് അകന്നുപോകുന്നില്ല. ഏറെനേരം കഴിഞ്ഞു. അതിനിടയിൽ ഖദീജ അദ്ദേഹത്തെ അന്വേഷിച്ച് ഗുഹയിലേക്ക് ആളെ അയച്ചിരുന്നു. പക്ഷേ ഗുഹയിൽ അദ്ദേഹമുണ്ടായിരുന്നില്ല. മാലാഖയുടെ രൂപം ദൃഷ്ടിയിൽനിന്നകന്നു പോയപ്പോൾ, തനിക്ക് നൽകപ്പെട്ട ദിവ്യബോധനത്തിന്റെ ഭാരവും പേറി ഭയവും പരിഭ്രാന്തിയും മൂലം കിടിലം കൊള്ളുന്ന മനസ്സും താളംതെറ്റി മിടിക്കുന്ന ഹൃദയവുമായി മുഹമ്മദ് മടങ്ങി. 'എന്നെ പുതപ്പിക്കൂ!' എന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം ഖദീജയുടെ അടുത്തേക്ക് കടന്നുവന്നത്. പനി ബാധിച്ചവനെപ്പോലെ കിടിലംകൊണ്ടിരുന്ന പ്രിയതമനെ ഖദീജ പുതപ്പിച്ചു. ഭയത്തിന് സ്വൽപമൊരാശ്വാസം ലഭിച്ചപ്പോൾ ഒരഭയാർഥിയുടെ ദീനദൃഷ്ടിയോടെ സ്വപത്നിയെ നോക്കി ചോദിച്ചു: 'എനിക്കെന്തു പറ്റി ഖദീജാ!' കണ്ടതെല്ലാം അവരോട് പറഞ്ഞു. തന്റെ ദൃഷ്ടികൾ തന്നെ വഞ്ചിച്ചതായും താനൊരു ദിവ്യനായിത്തീർന്നതായും ഭയപ്പെടുന്നുവെന്ന് ഖദീജയോട് ആവലാതിപ്പെട്ടു. പക്ഷേ, ഖദീജ അദ്ദേഹത്തിന്റെ ഏകാന്ത ധ്യാനത്തിന്റെ നാളുകളിലും ജിന്നുബാധ ഭയപ്പെട്ട സന്ദർഭത്തിലുമെന്നപോലെ ഇപ്പോഴും ഭയചകിതമായ ആ വലിയ ഹൃദയത്തിന് ശാന്തിയും സമാധാനവും പകർന്നുകൊടുക്കുന്ന മാലാഖയായിത്തീർന്നു! തെല്ലും ഭയമോ ആശങ്കയോ അവർ പ്രകടിപ്പിച്ചില്ല. ആദരം സ്ഫുരിക്കുന്ന നയനങ്ങളോടെ അദ്ദേഹത്തെ നോക്കിക്കൊണ്ട് അവർ പറഞ്ഞു: "പ്രിയപ്പെട്ടവനേ, സന്തോഷിച്ചുകൊള്ളുക! ദൃഢചിത്തനാവുക! ഖദീജയുടെ ആത്മാവ് ആരുടെ കൈയിലാണോ, അവനിൽ സത്യം, താങ്കൾ ഈ സമുദായത്തിന്റെ പ്രവാചകനായിത്തീരുമെന്ന് നിശ്ചയമായും ഞാൻ പ്രതീക്ഷിക്കുന്നു. നിസ്സംശയം, അല്ലാഹു ഒരിക്കലും താങ്കളെ നിന്ദിക്കുകയില്ല. താങ്കൾ കുടുംബ ബന്ധങ്ങൾ ചേർക്കുന്നു. സത്യം മാത്രമേ പറയുന്നുള്ളൂ; അഭയാർഥിയെ സംരക്ഷിക്കുന്നു; അതിഥിയെ സൽക്കരിക്കുന്നു; സത്യത്തിന്റെ വിജയത്തിന് വേണ്ടി യത്നിക്കുന്നു."

മുഹമ്മദിന് ആശ്വാസമായി. നന്ദിപൂർവം, സ്നേഹവായ്പോടെ അദ്ദേഹം ഖജീദയെ നോക്കി. ക്ഷീണിതനായിരുന്നതിനാൽ താമസിയാതെ നിദ്രയിലാണ്ടു. അത്യന്തം ശക്തിമത്തായ ഒരാധ്യാത്മിക ജീവിതത്തിനുവേണ്ടി ബുദ്ധിയും കാഴ്ചയുമുള്ളവരെ ആകർഷിക്കുന്ന ഒരു ജീവിതത്തിനുവേണ്ടി, ദൈവത്തിനും സത്യത്തിനും മാനുഷ്യകത്തിനും വേണ്ടി മാത്രം അർപ്പിതമായ ഒരു ജീവിതത്തിനു വേണ്ടി ഉണരുവാനുള്ള ഉറക്കം! നിഷേധികളെതിർത്താലും ദിവ്യ ദൗത്യപ്രകാശത്തെ അല്ലാഹു പൂർണമാക്കുന്നതുവരെ അത് ജനങ്ങൾക്കെത്തിച്ചു കൊടുക്കുകയും ഏറ്റവും ഉത്തമമായ രീതിയിൽ അതിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും ചെയ്യാൻ ബാധ്യസ്ഥമായ ഒരു ജീവിതത്തിനുവേണ്ടി ഉണരുവാനുള്ള ഉറക്കം!!

മുഹമ്മദ് ഗാഢനിദ്രയിലാണ്ടു. ഖദീജ ആ ഗാത്രത്തിൽ കണ്ണുനട്ടിരുന്നു. അവരുടെ മനസ്സ് നിറയെ ഭീതിയും പ്രതീക്ഷയുമായിരുന്നു. അദ്ദേഹം സുഖകരമായ ഗാഢനിദ്രയിലാണെന്ന് കണ്ടപ്പോൾ സ്വഹൃദയത്തെ പിടിച്ചുകുലുക്കുകയും വികാരങ്ങളുദ്ദീപിപ്പിക്കുകയും ചെയ്ത ഇക്കാര്യത്തെക്കുറിച്ച് അവർ പേർത്തും പേർത്തും ചിന്തിച്ചു. ദുർമാർഗത്തിൽ മുങ്ങിക്കിടക്കുന്ന ഈ സമൂഹത്തെ സന്മാർഗത്തിലേക്കും സത്യദീനിലേക്കും വഴി കാട്ടുന്ന ഒരു പ്രവാചകനായി അദ്ദേഹം മാറുമെന്ന പ്രതീക്ഷയോടെ പ്രിയതമന്ന് ഒരു നല്ല നാളെ നേർന്നുകൊണ്ട് അവർ പുറത്തിറങ്ങി. അതോടൊപ്പം പുണ്യവാളനും സ്നേഹനിധിയുമായ ഭർത്താവിന്റെ ഭാവിയിൽ കഠിനമായ ആശങ്കയുമുണ്ടായിരുന്നു, അവർക്ക്. അദ്ദേഹം വിവരിച്ച അനുഭവങ്ങൾ അവരുടെ മനസ്സിൽ തെളിഞ്ഞുവന്നു. ദിവ്യവാക്യങ്ങൾ ബോധനം നൽകിയ ശേഷം ആകാശത്തിൽ പ്രത്യക്ഷപ്പെടുകയും നോക്കുന്നിടത്തൊക്കെ കാണത്തക്ക വിധം ചക്രവാളങ്ങളിൽ നിറഞ്ഞു നിൽക്കുകയും ചെയ്ത സുന്ദരരൂപിയായ ആ മലക്കിനെ അവർ ഭാവനയിൽ കണ്ടു. അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഉല്ലേഖനം ചെയ്യപ്പെട്ടതും അദ്ദേഹം പാരായണം ചെയ്തതുമായ ആ വാക്യങ്ങൾ അവർ ഉരുവിട്ടു കൊണ്ടിരുന്നു. അക്കാര്യങ്ങളെല്ലാം ഖദീജയുടെ മനസ്സിന്റെ തിരശ്ശീലയിലൂടെ കടന്നുപോകുമ്പോൾ ഒരു നിമിഷം അവരുടെ ചുണ്ടിൽ പ്രതീക്ഷയുടെ പുഞ്ചിരിവിടരും. അൽ അമീന് ബാധിച്ചിരിക്കുന്നത് എന്തായിരിക്കുമെന്ന ആശങ്കയിൽ അടുത്തനിമിഷം ആ വദനം വിവർണമാകും. പുഞ്ചിരി വിടർത്തുന്ന മധുര പ്രതീക്ഷകളും ഭീഷണമായ ഭയാശങ്കകളും മാറി മാറി വന്നുകൊണ്ടിരുന്നപ്പോൾ ദീർഘനേരം ഏകാന്തതയിൽ കഴിയാൻ അവർ അശക്തയായിത്തീർന്നു. അഭിജ്ഞരും തനിക്ക് ആത്മാർഥമായ ഉപദേശം തരാൻ കഴിവുറ്റവരുമായ ആരുടെയെങ്കിലും മുമ്പിൽ തന്റെ മനോവികാരങ്ങൾ സമർപ്പിക്കണമെന്ന് അവർക്ക് തോന്നി.

അതിനാൽ പിതൃവ്യ പുത്രനായ വറഖതുബ്നു നൗഫലിനെ അവർ സമീപിച്ചു.

ക്രിസ്തുമതം സ്വീകരിക്കുകയും ഇഞ്ചീൽ പഠിച്ച് അതിന്റെ ചില ഭാഗങ്ങൾ അറബിയിലേക്ക് പരിഭാഷപ്പെടുത്തുകയും ചെയ്തയാളായിരുന്നു അദ്ദേഹം. മുഹമ്മദ് കണ്ടതും കേട്ടതും അദ്ദേഹം വിവരിച്ച മുഴുവൻ കാര്യങ്ങളും അപ്പോൾ തനിക്കുണ്ടായ ഭീതിയും പ്രതീക്ഷയുമെല്ലാം സംബന്ധിച്ച് ഖദീജ വറഖതിനെ കേൾപ്പിച്ചു. അൽപനേരം നമ്രശിരസ്കനായി ആലോചിച്ചുനിന്നശേഷം അദ്ദേഹം പറഞ്ഞു: "പരിശുദ്ധാത്മാവ്! പരിശുദ്ധാത്മാവ്! വറഖതിന്റെ ആത്മാവ് ആരുടെ കൈയിലാണോ അവനിൽ സത്യം, ഖദീജാ, നീ പറയുന്നത് യാഥാർഥ്യമെങ്കിൽ അദ്ദേഹത്തിന്റെ അടുത്ത് വന്നത് മൂസായുടെ അടുത്ത് വന്നിരുന്ന മഹാദൂതൻ തന്നെ! അദ്ദേഹം ഈ ജനതയുടെ പ്രവാചകനാണ്, നിശ്ചയം! ദൃഢചിത്തനായിരിക്കാൻ അദ്ദേഹത്തോടു പറഞ്ഞേക്കൂ!"

ഖദീജ വീട്ടിൽ തിരിച്ചെത്തിയപ്പോഴും മുഹമ്മദ് ഉണർന്നിരുന്നില്ല. സ്നേഹവും ആത്മാർഥതയും പ്രതീക്ഷയും വഴിയുന്ന ദൃഷ്ടിയോടെ അദ്ദേഹത്തെ നോക്കി. അപ്പോൾ ശാന്തനായുറങ്ങുകയായിരുന്ന മുഹമ്മദ് ഒന്ന് പിടഞ്ഞു. ശ്വാസോഛ്വാസം ദ്രുതഗതിയിലായി. നെറ്റിത്തടത്തിൽ വിയർപ്പു പൊടിഞ്ഞു. ഉണർന്നെഴുന്നേറ്റ് ദിവ്യബോധനവുമായാഗതനായ മലക്കിനെ ശ്രദ്ധിച്ചു.

"പുതപ്പിട്ട് മൂടിക്കിടക്കുന്നവനേ, എഴുന്നേൽക്കുക! എന്നിട്ടു താക്കീതു നൽകുക! നിന്റെ നാഥനെ വാഴ്ത്തുക! നിന്റെ വസ്ത്രങ്ങൾ ശുദ്ധീകരിക്കുക!

മ്ലേഛ കാര്യങ്ങളുപേക്ഷിക്കുക! കൂടുതൽ തിരിച്ചു കിട്ടാൻ വേണ്ടി ഔദാര്യം ചെയ്യരുത്! നിന്റെ നാഥന്ന് വേണ്ടി ക്ഷമ കൈക്കൊള്ളുക" (സൂറ: അൽമുദ്ദസ്സിർ 1–7). ആ അവസ്ഥയിൽ ഖദീജ അദ്ദേഹത്തെ കണ്ടപ്പോൾ ക്ഷീണമകലും വരെ ഉറങ്ങാൻ പൂർവാധികം അനുകമ്പയോടും വിനയത്തോടും അവർ ആവശ്യപ്പെട്ടു.

"ഉറക്കത്തിന്റെയും വിശ്രമത്തിന്റെയും കാലം കഴിഞ്ഞു ഖദീജാ! ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകാനും അല്ലാഹുവിലേക്കും അവന്റെ ഇബാദത്തിലേക്കും അവരെ ക്ഷണിക്കാനും ജിബ്‌രീൽ എന്നോട് കൽപിച്ചിരിക്കുകയാണ്. ആരെയാണ് ഞാൻ ക്ഷണിക്കേണ്ടത്? ആരാണെന്റെ ക്ഷണത്തിനുത്തരം നൽകുന്നത്?" ഖദീജ അദ്ദേഹത്തിന് ആശ്വാസവും ധൈര്യവും പകരാൻ പരമാവധി ശ്രമിച്ചു. വറഖത് പറഞ്ഞ കാര്യങ്ങൾ അദ്ദേഹത്തെ ധരിപ്പിച്ചു. തുടർന്ന് അദ്ദേഹത്തിന്റെ പ്രവാചകത്വത്തിലും ഇസ്‌ലാമിലും താൻ വിശ്വസിച്ചിരിക്കുന്നതായി സ്നേഹപൂർവം പ്രഖ്യാപിക്കുകയും ചെയ്തു.

മുഹമ്മദിന്റെ പ്രവാചകത്വത്തിൽ വിശ്വസിക്കാൻ ഖദീജ കാണിച്ച തിടുക്കം സ്വാഭാവികം മാത്രമായിരുന്നു. അദ്ദേഹത്തിന്റെ വിശ്വാസ്യതയും ആത്മശുദ്ധിയും സത്യസന്ധതയും ഔദാര്യവും കാരുണ്യവുമെല്ലാം ദീർഘകാലമായി പരിചയിച്ചതാണവർ. ധ്യാനജീവിത കാലത്ത് സത്യത്തിനുവേണ്ടിയുള്ള അന്വേഷണത്തിൽ എത്രത്തോളം മുഴുകിയിരുന്നുവെന്ന് അവർ കണ്ടതാണ്. വിഗ്രഹങ്ങളെ ആരാധിക്കുകയും അവക്ക് ബലിയർപ്പിക്കുകയും അവയെ ഉപകാരവും ഉപദ്രവവും ചെയ്യുന്ന ദൈവങ്ങളായി കരുതുകയും അവ ആരാധനക്കർഹമാണെന്ന് തെറ്റുധരിക്കുകയും ചെയ്ത സ്വജനതതിയുടെ അന്ധ വിശ്വാസങ്ങൾക്കതീതനായി നിന്നുകൊണ്ട് ഹൃദയവും ആത്മാവും ബുദ്ധിയുമുപയോഗിച്ച് നടത്തിയ ദീർഘമായ അന്വേഷണം. പ്രവചകത്വം സ്വീകരിച്ചശേഷമാദ്യമായി ഹിറാഗുഹയിൽനിന്ന് തിരിച്ചുവന്ന അദ്ദേഹത്തിന്റെ അത്യന്തം പരിഭ്രാന്തമായ അവസ്ഥക്കും അവർ സാക്ഷിയായിരുന്നു. മലക്ക് ദിവ്യസന്ദേശവുമായെത്തുമ്പോൾ, തന്നെ അറിയിക്കണമെന്ന് ഖദീജ ആവശ്യപ്പെട്ടു. അദ്ദേഹം അതനുസരിച്ചു. മലക്ക് വന്നപ്പോൾ അവർ അദ്ദേഹത്തെ തന്റെ ഇടതു

**ക്ഷീണിതനായിരുന്നതിനാൽ താമസിയാതെ നിദ്രയിലാണ്ടു. അത്യന്തം ശക്തിമത്തായ ഒരധ്യാത്മിക ജീവിതത്തിനുവേണ്ടി ബുദ്ധിയും കാഴ്ചയുമുള്ളവരെ ആകർഷിക്കുന്ന ഒരു ജീവിതത്തിനുവേണ്ടി, ദൈവത്തിനും സത്യത്തിനും മാനുഷ്യകത്തിനും വേണ്ടി മാത്രം അർപ്പിതമായ ഒരു ജീവിതത്തിനുവേണ്ടി ഉണരുവാനുള്ള ഉറക്കം! നിഷേധികളെതിർത്താലും ദിവ്യ ദൗത്യപ്രകാശത്തെ അല്ലാഹു പൂർണമാക്കുന്നതുവരെ അത് ജനങ്ങൾക്കെത്തിച്ചുകൊടുക്കുകയും ഏറ്റവും ഉത്തമമായ രീതിയിൽ അതിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും ചെയ്യാൻ ബാധ്യസ്ഥമായ ഒരു ജീവിതത്തിനുവേണ്ടി ഉണരുവാനുള്ള ഉറക്കം!!**

കാലിലും വലതു കാലിലും മടിത്തട്ടിലും മാറ്റിമാറ്റിയിരുത്തിയപ്പോഴൊക്കെയും അദ്ദേഹം മലക്കിനെ കണ്ടുകൊണ്ടിരുന്നതും പിന്നീട് താൻ സ്വയം വിവസ്ത്രയായപ്പോൾ മലക്കിനെ കാണാൻ കഴിയാതിരുന്നതും അത് മലക്ക് തന്നെ ആയിരുന്നുവെന്നും പിശാചായിരുന്നില്ലെന്നുമുള്ള അവരുടെ വിശ്വാസത്തെ ദൃഢീകരിച്ചു.

### വറഖതും മുഹമ്മദും

ഒരിക്കൽ കഅ്ബാ പ്രദക്ഷിണത്തിനെത്തിയ മുഹമ്മദിനെ വറഖതുബ്നു നൗഫൽ കണ്ടുമുട്ടി. സ്വാനുഭവങ്ങൾ മുഹമ്മദ് വറഖതിനെ കേൾപ്പിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: "എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവനിൽ സത്യം, താങ്കൾ ഈ ജനതയുടെ പ്രവാചകനാണ്. മൂസായുടെ അടുത്ത് വന്നിരുന്ന ആ മഹാദൂതൻ തന്നെയാണ് താങ്കളെയും സമീപിച്ചത്. നിശ്ചയം, താങ്കൾ നിഷേധിക്കപ്പെടുകയും ഉപദ്രവിക്കപ്പെടുകയും പുറത്താക്കപ്പെടുകയും ചെയ്യും. താങ്കളോട് അവർ യുദ്ധം ചെയ്യും. അക്കാലത്ത് ജീവിച്ചിരിക്കുമെങ്കിൽ ഞാൻ ദൈവത്തെ സഹായിക്കും. ഞാനതു ചെയ്യുമെന്ന് അവന്നറിയാം." തുടർന്ന് അദ്ദേഹം മുഹമ്മദിന്റെ നെറുകയിൽ ചുംബിച്ചു. തന്നിൽ ഏൽപിക്കപ്പെട്ട ഉത്തരവാദിത്വത്തിന്റെ ഭാരം അപ്പോൾ മുഹമ്മദിന് പൂർവാധികം അനുഭവവേദ്യമായി. തന്റെ വിശ്വാസപ്രമാണത്തിലേക്ക് ഖുറൈശികളെ ക്ഷണിക്കേണ്ടതെങ്ങനെയെന്ന് അദ്ദേഹം ചിന്തിച്ചു തുടങ്ങി. യുദ്ധം ചെയ്തു മരിക്കാൻ പോലും സന്നദ്ധരാകത്തക്കവിധം തങ്ങളുടെ അബദ്ധ വിശ്വാസങ്ങളുമായി അള്ളിപ്പിടിച്ചു നിൽക്കുകയാണവരെന്ന് അദ്ദേഹത്തിന്നറിയാം. മാത്രമല്ല, അവർ തന്റെ ഉറ്റവരും അടുത്ത കുടുംബാംഗങ്ങളുമാണ്.

പക്ഷേ, അവർ ദുർമാർഗത്തിലാണ്! അവരെ അദ്ദേഹം ക്ഷണിക്കുന്നതാകട്ടെ, സന്മാർഗത്തിലേക്കും. അവരുടെ ആത്മാവും ഹൃദയവും സർവസ്രഷ്ടാവായ അല്ലാഹുവിലേക്ക് തിരിക്കാനും ആത്മശുദ്ധി കൈവരിച്ച് അവനെമാത്രം ആരാധിച്ച് അവനുമാത്രം കീഴ്പ്പെടുവാനുമാണ് അദ്ദേഹം ക്ഷണിക്കുന്നത്. സൽക്കർമങ്ങൾവഴി അല്ലാഹുവോടടുക്കുക; ബന്ധുക്കൾക്കും വഴിയാത്രക്കാർക്കും അവരുടെ അവകാശങ്ങൾ നൽകുക; ആവർത്തിച്ചുകൊണ്ടിരിക്കുന്ന അധർമങ്ങളും അക്രമങ്ങളും പൊറുക്കുമെന്ന വിശ്വാസത്തോടെ തങ്ങൾ ആരാധിക്കുന്ന ഈ ശിലാവിഗ്രഹങ്ങളെ വലിച്ചെറിയുക; പലിശയും അനാഥമുതലും തിന്നുന്നതവസാനിപ്പിക്കുക– ഇതെല്ലാമാണ് അദ്ദേഹം അവരോടാവശ്യപ്പെടുന്നത്. പക്ഷേ, വിഗ്രഹാരാധന ആ ഹൃദയങ്ങളെ ആ വിഗ്രഹശിലകളേക്കാൾ പരുപരുത്തതും കഠിനവുമാക്കിക്കളഞ്ഞിരുന്നു! ആകാശഭൂമികളിലുള്ള സൃഷ്ടികളെക്കുറിച്ച് ചിന്തിച്ച് സ്രഷ്ടാവിന്റെ മാഹാത്മ്യം കണ്ടെത്തുകയും അവയുടെ നിയമവ്യവസ്ഥകളാദരിക്കുകയും ഏകനായ പ്രപഞ്ച സ്രഷ്ടാവിന്റെ മഹത്വം വാഴ്ത്തുകയും ചെയ്യുവാനാണ് അദ്ദേഹം അവരെ ആഹ്വാനം ചെയ്യുന്നത്. ആരാധനയിലൂടെ സർവവിധ മ്ലേഛകൃത്യങ്ങളിൽനിന്നും അകന്ന് നിൽക്കാനും വഴിതെറ്റിയവരെ സ്നേഹപൂർവം മാർഗദർശനം ചെയ്യാനും അനാഥരും നിരാശ്രയരും അവശരുമായ സമസൃഷ്ടികൾക്ക് ആശ്രയമേകുവാനുമാണ് അദ്ദേഹം ഉദ്ബോധിപ്പിക്കുന്നത്. അതായിരുന്നു, അല്ലാഹുവിന്റെ ആജ്ഞ. പക്ഷേ, എന്തുമാത്രം കഠിനമായ ഹൃദയങ്ങൾ! ശുഷ്കിച്ച മരവിച്ച മനസ്സുകൾ!

മക്കയെ ബിംബാരാധകരുടെ

തീർഥാടന കേന്ദ്രമാക്കിത്തീർത്തത് അവരുടെ കച്ചവടക്കണ്ണായിരുന്നു. വിഗ്രഹാരാധകരാരും അവശേഷിക്കാതാവുന്ന ഒരവസ്ഥ സംജാതമായാൽ ആ നഗരത്തിന്റെ പ്രാധാന്യം തന്നെ അസ്തമിക്കും. അത്തരമൊരവസ്ഥ സൃഷ്ടിച്ചുകൊണ്ട് സ്വന്തം പ്രപിതാക്കളുടെ മതം അവരുപേക്ഷിക്കുകയോ? അഥവാ, അത് സംഭവിച്ചാൽതന്നെ മ്ലേഛവികാരങ്ങളുടെ കലവറയായ ആ ഹൃദയങ്ങളെങ്ങനെ ശുദ്ധമാവാൻ? മൃഗീയ വികാരങ്ങൾ ശമിപ്പിക്കാനുള്ള വ്യഗ്രതയിൽനിന്ന് അവയെങ്ങനെ മുക്തമാവാൻ? തങ്ങളുടെ വിഗ്രഹങ്ങളുടെയും വികാരങ്ങളുടെയും സ്വാധീനതക്കതീതരാവാൻ മുഹമ്മദ് ആഹ്വാനം ചെയ്തു. എന്തു ഫലം? അവർക്കതെങ്ങനെ സാധിക്കാൻ? തന്റെ ആഹ്വാനം അവർ അവഗണിക്കുന്ന പക്ഷം മുഹമ്മദ് എന്തു ചെയ്യും? അതായിരുന്നു, വലിയ പ്രശ്നം. ഈ പ്രശ്നത്തിൽ ദിവ്യ ബോധനത്തിലൂടെ മാർഗദർശനം ലഭിക്കുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചു. പക്ഷേ, ദിവ്യബോധനമുണ്ടായില്ല. ജിബ്രീൽ പ്രത്യക്ഷപ്പെട്ടില്ല. ചുറ്റും ആധിപത്യം വാണ നിശ്ശബ്ദത ജനങ്ങളിൽനിന്നും തന്നിൽനിന്ന് തന്നെയും അദ്ദേഹത്തെ ഒറ്റപ്പെടുത്തി. ദിവ്യബോധനത്തിന് മുമ്പനുഭവപ്പെട്ട ഭീതിയും ആശങ്കയും തിരിച്ചുവന്നു. "താങ്കളെ നാഥൻ ഉപേക്ഷിച്ചെന്നാണ് തോന്നുന്നത്." ഈ സന്ദർഭത്തിൽ ഖദീജ പറയുകയുണ്ടായി. ഭയവും പരിഭ്രാന്തിയും അദ്ദേഹത്തെ വീണ്ടും മലമുകളിലും ഹിറാഗുഹയിലുമെത്തിച്ചു. ലോകനാഥന്റെ പ്രതികരണം പ്രതീക്ഷിച്ചുകൊണ്ട് സ്വഹൃദയത്തെ പൂർണമായും അവങ്കലേക്കുയർത്തി ചോദിച്ചു: "തന്നെ തെരഞ്ഞെടുത്ത ശേഷം എന്തിന് പുറം തള്ളി?" ഭയവും ആശങ്കയും ഖദീജയെയും പിടികൂടാതിരുന്നില്ല. അദ്ദേഹത്തിന്, മരണം പോലും അഭികാമ്യമായി തോന്നി. പക്ഷേ, താൻ ഭരമേൽപിക്കപ്പെട്ടിരിക്കുന്ന കാര്യത്തെ കുറിച്ചുള്ള ബോധോദയം ആ ചിന്തയെ പിഴുതെറിയും. മനസ്സ് സ്വനാഥങ്കലേക്ക് തിരിയും. ഹിറാ പർവതത്തിൽ നിന്നോ അബൂഖുബൈസ് പർവതത്തിൽ നിന്നോ താഴോട്ട് ചാടാൻ ഒരിക്കൽ അദ്ദേഹം ആലോചിച്ചുവത്രെ. തന്റെ മഹത്തായ പ്രതീക്ഷ തകർക്കപ്പെട്ടിരിക്കെ, ജീവിച്ചിട്ടെന്ത് എന്നദ്ദേഹം ചിന്തിച്ചിരിക്കണം. ഈ സ്ഥിതിവിശേഷത്തിൽ ആശങ്കാകുലമായ ഏറെ ദിനങ്ങൾക്കുശേഷം അതാ ദിവ്യബോധനം സമാഗതമാവുന്നു: "പ്രഭാതത്തെക്കൊണ്ടും രാത്രി വ്യാപിക്കുമ്പോൾ അതിനെക്കൊണ്ടും സത്യം, നിന്റെ നാഥൻ നിന്നെ ഉപേക്ഷിക്കുകയോ കൈവെടിയുകയോ ചെയ്തിട്ടില്ല. നിശ്ചയമായും പരലോകമാണ് ഇഹലോകത്തേക്കാളുത്തമം! നിസ്സംശയം നിന്റെ നാഥൻ നിനക്കു നൽകും. അപ്പോൾ നീ സംതൃപ്തനാകും. നിന്നെ അനാഥനായിക്കണ്ടപ്പോൾ നിനക്ക് അവൻ അഭയം നൽകിയില്ലേ? ദരിദ്രനായി കണ്ടപ്പോൾ സ്വാശ്രയത്വം നൽകിയില്ലേ? അതുകൊണ്ട് അനാഥയെ നീ ഉപേക്ഷിക്കരുത്. ചോദിച്ചുവരുന്നവനെ ആട്ടിയോടിക്കരുത്. നിന്റെ നാഥന്റെ അനുഗ്രഹത്തെ നീ പ്രഖ്യാപിക്കുക!" (സൂറ: അള്ളുഹാ).

സർവശക്തനായ ദൈവമേ! എന്തൊരു സമാധാനം! എന്തൊരാനന്ദം! എന്തൊരാത്മ സംതൃപ്തി! മുഹമ്മദിന്റെ ആശങ്കകളസ്തമിച്ചു. പരിഭ്രാന്തി എങ്ങോ പോയി. ചുണ്ടുകളിൽ സംതൃപ്തിയുടെ പുഞ്ചിരി വിടർന്നു. അവ സ്തുതിഗീതങ്ങളോതി. അല്ലാഹു തന്നെ കൈവിട്ടുകളഞ്ഞെന്ന ഖദീജയുടെ ആശങ്കക്കിനിയിടമില്ല! തന്റെ ഭയത്തിനും പരിഭ്രാന്തിക്കും ഇനി സ്ഥാനമില്ല! തന്നെയും അവരെയും അല്ലാഹു അവന്റെ കാരുണ്യാതിരേകത്താൽ സംരക്ഷിച്ചിരിക്കുന്നു. സന്ദേഹവും ഉൽക്കണ്ഠയും നിശ്ശേഷം നീക്കിയിരിക്കുന്നു. ഇനി ആത്മഹത്യയല്ല ജീവിതമാണ് വേണ്ടത്. ദൈവത്തിലേക്ക്, ഏകദൈവത്തിലേക്ക് മാത്രം പ്രബോധനം ചെയ്യുന്ന ഒരു ജീവിതം! ആരുടെ മുമ്പിൽ ശിരസ്സുകൾ കുനിയുകയും സർവസൃഷ്ടികളും സാഷ്ടാംഗം നമിക്കുകയും ചെയ്യേണ്ടതുണ്ടോ പരമോന്നതനായ ആ ദൈവത്തിലേക്ക് ക്ഷണിക്കുന്ന ഒരു ജീവിതം! അവൻ മാത്രമാണ് സത്യം. അവനൊഴിച്ച് അവർ വിളിച്ചുപ്രാർഥിക്കുന്നവയെല്ലാം മിഥ്യയാണ്. ഹൃദയങ്ങൾ അവനിലേക്കുമാത്രം തിരിയട്ടെ! മനസ്സ് അവനുമായി മാത്രം ബന്ധം പുലർത്തട്ടെ! ആത്മാക്കൾ അവനിൽമാത്രം അഭയം തേടട്ടെ! നിശ്ചയമായും പരലോകമാണ് ഇഹലോകത്തെക്കാളുത്തമം! ആത്മാക്കൾക്ക് അവയുടെ അസ്തിത്വത്തെക്കുറിച്ചും ഏകത്വത്തെക്കുറിച്ചും തികഞ്ഞ ബോധോദയമുണ്ടാകുന്ന ലോകമാണത്! സ്ഥലകാലങ്ങൾക്കതീതമായതും ഇഹലോകത്തിന്റെ അനിവാര്യതകളും മാനദണ്ഡങ്ങളും വിസ്മരിക്കപ്പെടുന്നതുമായ ഒരു ലോകം! പ്രഭാതവും പ്രദോഷവും ഉജ്ജ്വലമായ ആദിത്യപ്രഭയും നിശയും വാനവും വാനഗോളങ്ങളും ഭൂമിയും പർവതങ്ങളുമെല്ലാം ഒന്നായിത്തീരുന്ന ലോകം! സ്വയം സംതൃപ്തമായതും ദൈവതൃപ്തിക്ക് പാത്രമായതുമായ ആത്മാക്കൾ അവിടെ അവയോട് ചേരുന്നു. ആ ലോകമായിരിക്കണം ജീവിതയാത്രയുടെ ലക്ഷ്യം. അതുമാത്രമാണ് സത്യം! അല്ലാത്തതെല്ലാം മിഥ്യ! ഈ സത്യത്തിന്റെ പ്രഭാകിരണങ്ങളാൽ ദീപ്തമായിരുന്നു മുഹമ്മദിന്റെ മനസ്സ്. ഏകദൈവത്വത്തിലേക്ക് പ്രബോധനം ചെയ്യുന്നത് സംബന്ധിച്ച് വീണ്ടും വീണ്ടും ചിന്തിക്കാൻ പ്രേരകമായിത്തീർന്നതതാണ്. ഈ കൃത്യനിർവഹണത്തിന് അദ്ദേഹം വസ്ത്രങ്ങൾ ശുദ്ധിയാക്കണം. മ്ലേഛതയിൽനിന്ന് ബഹുദൂരം അകന്നുനിൽക്കണം. സത്യപ്രബോധന മാർഗത്തിൽ നേരിടുന്ന വിഷമതകൾ ക്ഷമാപൂർവം സഹിക്കണം. ജനങ്ങൾക്ക് വിജ്ഞാനത്തിന്റെ പന്ഥാവ് തെളിയിച്ചുകാട്ടണം. ആ ഉദ്യമത്തിനിടയിൽ, ചോദിച്ചുവരുന്നവനെയോ അനാഥനെയോ അവഗണിച്ചുപോകരുത്. ദിവ്യദൗത്യനിർവഹണ ബാധ്യത അല്ലാഹു തന്നെ ഏൽപിച്ചു എന്നത് മാത്രം മതി അദ്ദേഹത്തിന്. അതുകൊണ്ട് അദ്ദേഹം അത് പ്രഖ്യാപിക്കണം. അല്ലാഹു അദ്ദേഹത്തെ അനാഥനായി കണ്ടു. അപ്പോൾ പിതാമഹനായ അബ്ദുൽമുത്തലിബിന്റെയും പിതൃവ്യനായ അബൂത്വാലിബിന്റെയും സംരക്ഷണത്തിലഭയം നൽകി. അദ്ദേഹത്തെ ഒരു ദരിദ്രനായി അല്ലാഹു കണ്ടു. അപ്പോൾ സ്വാശ്രയത്വം നൽകി. യുവത്വത്തിലും ഏകാന്ത ധ്യാനത്തിന്റെയും പ്രവാചകത്വ ലബ്ധിയുടെയും നാളുകളിലും തനിക്ക് കൂട്ടായിരുന്ന സ്നേഹകാരുണ്യങ്ങളുടെയും ഗുണകാംക്ഷയുടെയും മൂർത്തീമത്ഭാവമായ ഖദീജ അദ്ദേഹത്തിന് സ്വാശ്രയത്വവും സൗഭാഗ്യവും പകർന്നു. സന്മാർഗത്തിനു വേണ്ടി അലഞ്ഞപ്പോൾ അവന്റെ ദൗത്യം നൽകി സന്മാർഗത്തിലാക്കി. ഇതൊക്കെ പോരേ, അദ്ദേഹത്തിന്! അതിനാൽ കഴിവിന്റെ പരമാവധി അദ്ദേഹം ദൈവമാർഗത്തിലേക്ക് പ്രബോധനം ചെയ്യട്ടെ! അതായിരുന്നു അല്ലാഹുവിന്റെ കൽപന. താൻ തെരഞ്ഞെടുത്ത സന്ദേശവാഹകനോടുള്ള ആജ്ഞ. ●

*(ഹിറാ പ്രസ്സ് (തലശ്ശേരി) പ്രസിദ്ധീകരിച്ച 'ഹയാതു മുഹമ്മദി'ന്റെ മലയാള പരിഭാഷയിൽ നിന്ന്)*